# ബി.ടെക്. അഡ്മിഷൻ

## പ്രവേശന പരീക്ഷാ കമ്മീഷണർ പുറപ്പെടുവിച്ച അലോട്ട്മെന്റ് പ്രകാരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിന് കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിലേക്ക് (എയ്ഡഡ് ഉൾപ്പെടെ) നിശ്ചയിച്ചിരിക്കുന്ന ബി.ടെക്. വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ

എൻട്രൻസ് പരീക്ഷ കമ്മീഷണർ പുറപ്പെടുവിച്ച അലോട്ട്മെന്റ് പ്രകാരം ഗവർമെന്റ് അല്ലെങ്കിൽ ഗവർമെന്റ് എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക്, താഴെപ്പറയുന്ന ഒരു രീതിയിൽ പ്രവേശനം നേടുന്നതിന് അനുവദിച്ചിട്ടുണ്ട്.

1) **സാധാരണ രീതിയിലുള്ള പ്രവേശനം** (അലോട്ട്മെന്റ് നേടിയ കോളേജിൽ നേരിട്ട് ഹാജരായി പ്രവേശനം നേടുന്ന രീതി)

മാർ അത്തനേഷ്യസ് കോളേജിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥി www.mace.etlab.in/registration എന്ന വെബ് പോർട്ടലിൽ രെജിസ്റ്റർ ചെയ്ത് എല്ലാ സെർട്ടിഫിക്കറ്റുകളുടേയും ഒറിജിനൽ സഹിതം, രക്ഷാകർത്താവിനൊപ്പം കോളേജിൽ ഹാജരാകേണ്ടതാണ്. വിദ്യാർത്ഥിയുടെ തിരിച്ചറിയൽ രേഖയുടെ ഒറിജിനൽ (ആധാർ/വോട്ടർ ഐഡി തുടങ്ങിയതിൽ ഏതെങ്കിലും) വിദ്യാർത്ഥി അഡ്മിഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്.

2) **വെർച്വൽ അഡ്മിഷൻ** (www.mace.etlab.in/registration ൽ രജിസ്റ്റർ ചെയ്തതിന് ശേഷം അടുത്തുള്ള റിപ്പോർട്ടിങ്ങ് സെന്ററിൽ ഹാജരായി പ്രവേശനം നേടുന്ന രീതി)

മാർ അത്തനേഷ്യസ് കോളേജിൽ അഡ്മിഷൻ ലഭിച്ച് മതിയായ കാരണങ്ങളാൽ കോളേജിൽ ഹാജരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക്, വെർച്വൽ അഡ്മിഷൻ വഴി പ്രവേശനം നേടുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഈ രീതിയിലുള്ള അഡ്മിഷനിൽ വിദ്യാർത്ഥി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ ഹാജരാകേണ്ടതില്ല. പകരം വിദ്യാർത്ഥിക്ക് സൗകര്യപ്രദമായ ഒരു റിപ്പോർട്ടിങ്ങ് സെന്ററിൽ ഹാജരാകുകയും, രേഖകളുടെ പകർപ്പ് www.mace.etlab.in/registration എന്ന വിധത്തിൽ ഇലക്ട്രോണിക് മാധ്യമം വഴി അയക്കുക. ഈ രീതിയിൽ അഡ്മിഷൻ എടുക്കുന്ന വിദ്യാർത്ഥികൾ, അനുബന്ധം (1) ൽ കൊടുത്തിരിക്കുന്ന ലിസ്റ്റിൽ ഉള്ള ഏതെങ്കിലും ഒരു റിപ്പോർട്ടിങ്ങ് സെന്ററിൽ ഹാജരായി താഴെ കൊടുത്തിരിക്കുന്ന രേഖകൾ സമർപ്പിക്കാനാണ് നിർദ്ദേശിച്ചിരിക്കുന്നത്.

1) വെർച്വൽ അഡ്മിഷൻ അനുവദിക്കണമെന്നുള്ള അപേക്ഷ – വിദ്യാർത്ഥിയും രക്ഷാകർത്താവും ഒപ്പിട്ടത്.
2) അലോട്ട്മെന്റ് മെമ്മോയുടെ പകർപ്പ്
3) ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് – ഒറിജിനൽ നൽകേണ്ടതാണ്. പകർപ്പ് അനുവദനീയമല്ല.
4) സ്വഭാവ സർട്ടിഫിക്കറ്റ് (കൺടക്ട് സർട്ടിഫിക്കറ്റ്) – ഒറിജിനൽ നൽകേണ്ടതാണ്. പകർപ്പ് അനുവദനീയമല്ല.
5) സർട്ടിഫിക്കറ്റുകളുടെ ഒറിജിനൽ പിന്നീട് ഹാജരാക്കണമെന്നുള്ള, നിശ്ചിത ഘടനയിലുള്ള സാക്ഷ്യപത്രം (അണ്ടർടേക്കിംഗ്) – വിദ്യാർത്ഥിയും രക്ഷാകർത്താവും ഒപ്പിട്ടത്.
6) വിദ്യാർത്ഥിയുടെ തിരിച്ചറിയൽ രേഖയുടെ പകർപ്പ്. തിരിച്ചറിയൽ രേഖയുടെ ഒറിജിനൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ട്രാൻസ്ഫർ സർട്ടിഫിക്കറ്റും സ്വഭാവ സർട്ടിഫിക്കറ്റും ഏതെങ്കിലും റിപ്പോർട്ടിംഗ് സെന്ററിൽ ലഭിച്ചു എന്ന വിവരവും; രേഖകളുടെ പകർപ്പ് ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെ ലഭിച്ചും കഴിഞ്ഞാൽ, അവ പരിശോധിച്ചതിന് ശേഷം, താത്ക്കാലിക പ്രവേശനം (പ്രൊവിഷണൽ അഡ്മിഷൻ) നൽകിയതായുള്ള അറിയിപ്പ് കോളേജിൽ നിന്നും വിദ്യാർത്ഥിക്ക് ഇമെയിൽ വഴി നൽകുന്നതാണ്.